# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

21/06/2013 - ലെ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ **3045**

## കർഷകരുടെ രജിസ്ട്രേഷൻ നടപടികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പി.കെ.ബഷീർ | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| **(എ)** സംസ്ഥാനത്ത് കർഷകരുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;<br><br>**(ബി)** ഇല്ലെങ്കിൽ, എപ്പോൾ പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ; | **(എ) & (ബി)** | സംസ്ഥാനത്ത് കർഷകരുടെ രജിസ്ട്രേഷന് സർക്കാർ പ്രഖ്യാപിച്ച അവസാന തീയതിയായ 16/11/2012 വരെ 14,69,041 കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഓൺലൈൻ ഡാറ്റാബേസ് തയ്യാറാക്കുന്നതിനും രജിസ്ട്രേഷൻ പൂർത്തിയാക്കുന്നതിനുമുള്ള നടപടികൾ നടന്നു വരുന്നു. |
| **(സി)** കർഷക രജിസ്ട്രേഷൻ മൂലം എന്തെല്ലാം ആനുകൂല്യങ്ങളാണ് കർഷകർക്ക് ലഭ്യമാകുക എന്ന് വിശദമാക്കുമോ? | **(സി)** | 1) ഓരോ കർഷകരുടെയും കൃഷി സ്ഥലത്തിന്റെയും വിളകളുടെയും വിശദ വിവരങ്ങൾ രജിസ്ട്രേഷനോടൊപ്പം ശേഖരിക്കുന്നതിനാൽ കൃഷി വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ ഗുണഭോക്താക്കളെ എളുപ്പത്തിൽ തിരഞ്ഞെടുക്കാൻ സാധിക്കും.<br><br>2) ഓരോ കർഷരുടെയും കൃഷി സ്ഥലത്തിന്റെയും വിളകളുടെയും വിശദ വിവരങ്ങൾ രജിസ്ട്രേഷനോടൊപ്പം ശേഖരിക്കുന്നതിനാൽ ഓരോ പ്രദേശത്തെയും വിളകളുടെ അടിസ്ഥാനത്തിൽ പുതിയ പദ്ധതികൾ തയ്യാറാക്കുന്നതിനും നടപ്പിലാക്കുന്നതിനും സഹായകരമായിരിക്കും. |

3) വിവിധ കാർഷിക പദ്ധതികളുടെ സബ്സിഡി തുക, കൃഷി വകുപ്പ് കർഷകർക്ക് നൽകി വരുന്ന ക്ഷേമ പെൻഷനുകൾ, പ്രകൃതിക്ഷോഭ ദുരിതാശ്വാസ ധനസഹായം, വിള ഇൻഷ്വറൻസ് ആനുകൂല്യങ്ങൾ എന്നിവ ഓരോ കർഷകന്റെയും ബാങ്ക് അക്കൗണ്ടിലേക്ക് ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ നൽകാൻ സാധിക്കും.

4) കർഷകന് കൃഷി വകുപ്പിൽ നിന്ന് ലഭിക്കേണ്ടുന്ന ആനുകൂല്യങ്ങൾ കാലതാമസം കൂടാതെയും സുതാര്യമായ രീതിയിലും ലഭിക്കുന്നു.

സെക്ഷൻ ഓഫീസർ